"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പത്തനംതിട്ട ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമിക്ഷേത്രക്കുളം പുനരുദ്ധരിക്കാനുള്ള പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ പദ്ധതിക്ക് നിബന്ധനയ്ക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.1576/2025/LSGD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-
1. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.06.2024-ലെ 3(4)-ാം നമ്പർ തീരുമനം
2. തിരുവിതാംകൂർ ദേവസ്വം അസിസ്റ്റൻ്റ് കമ്മീഷണറുടെ 01.11.2024-ലെ ROC/19053/24/M1 നമ്പർ കത്ത്
3. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.2024-ലെ 10-11/ 14-ാം നമ്പർ കത്ത് (SRG/146/2025)
4. 24.04.2025 -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.4

**ഉത്തരവ്**

പത്തനംതിട്ട ജില്ല പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ശ്രീകണ്ഠാളസ്വാമി ക്ഷേത്രത്തിന്റെ ക്ഷേത്രക്കുളം സൈഡ് കെട്ടിയും ചുറ്റുവേലി നിർമ്മിച്ചും സംരക്ഷിക്കാൻ ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും (പദ്ധതിയുടെ പേര് - പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമി ക്ഷേത്രകുളം പുനരുദ്ധാരണം, പ്രോ.നം: 980/25, അടങ്കൽ - 16,00,000/-, സി.എഫ്.സി. ടൈഡ് ഗ്രാന്റ്) പരാമർശം (1) പ്രകാരമുള്ള ഭരണസമിതി തീരുമാനം പരാമർശം (3) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ സമിതിക്ക് സമർപ്പിക്കുകയും ചെയ്തു. ക്ഷേത്രാചാരങ്ങൾക്ക് തടസ്സമുണ്ടാക്കാതെയും ഉടമസ്ഥത തിരുവിതാകൂർ ദേവസ്വം ബോർഡിൽ നിലനിർത്തിക്കൊണ്ടും നവീകരിക്കുന്നതിന് ദേവസ്വം ബോർഡ് പരാമർശം (2) പ്രകാരം നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

2. എല്ലാ വിഭാഗത്തിലുംപ്പെട്ട പൊതുജനങ്ങൾക്ക് കുളം ഉപയോഗിക്കാൻ അനുമതി നൽകാമെന്ന് ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശക സമിതിയും സമ്മതപത്രം നൽകുകയാണെങ്കിൽ ജില്ലാ പഞ്ചായത്ത് വിഹിതം

ഉപയോഗിക്കാവുന്നതാണെന്നും, കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലമുറപ്പാക്കാനും കുളം നവീകരണം സഹായിക്കും എന്നതിനാലാണ് മുകളിൽ പറഞ്ഞ നിബന്ധനയോടെ ഇതിന് സി.എഫ്.സി ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകുന്നത് എന്നും പരാമർശം (4) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ സമിതി തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലമുറപ്പാക്കാനും കുളം നവീകരണം സഹായിക്കും എന്നതിനാൽ, പത്തനംതിട്ട ജില്ലയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമിക്ഷേത്രക്കുളം പുനരുദ്ധരിക്കാനുള്ള പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ പദ്ധതി (പദ്ധതിയുടെ പേര് - പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീകണ്ഠാളസ്വാമി ക്ഷേത്രകുളം പുനരുദ്ധാരണം, പ്രോ.നം: 980/25, അടങ്കൽ - 16,00,000/-) എല്ലാ വിഭാഗത്തിലുംപ്പെട്ട പൊതുജനങ്ങൾക്കും ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുമതി നൽകാമെന്ന് ദേവസ്വം ബോർഡും, ക്ഷേത്ര ഉപദേശക സമിതിയും സമ്മതപത്രം നൽകുകയാണെങ്കിൽ, സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് ജില്ല പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, പത്തനംതിട്ട ജില്ലാപഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 24-06-2025 14:53:55

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്